

# പുളിപറമ്പ് ചെറുപുഷ്പം ഇടവക

പുളിപറമ്പ് പ്രദേശത്തുണ്ടായിരുന്ന ഭൂരിപക്ഷം കത്തോലിക്കരും തെക്കൻ താണിശ്ശേരി, പൊയ്യ എന്നീ ഇടവകക്കാരായിരുന്നു. പുളിപറമ്പ് ചെറുപുഷ്പ ദേവാലയത്തിന്റെ ചരിത്രം തുടങ്ങുന്നത് ബഹു. പീയൂസ് തെക്കേക്കരയച്ചനുമായി ബന്ധപ്പെട്ടാണ്. പൊയ്യ പള്ളിയുടെ മുൻവികാരിയായ ബഹു. പിയൂസ് തെക്കേക്കരയച്ചൻ 1960-ൽ റിട്ടയർ ചെയ്തശേഷം പുളിപറമ്പ് ദേശത്ത് കാളിയാടൻ കുഞ്ഞുവറീത് വറുതുണ്ണിയുടെ പക്കൽ നിന്ന് 50 സെന്റ് സ്ഥലം വാങ്ങി, അവിടെ തനിക്കായി ഒരു വൈദികമന്ദിരം (ബംഗ്ലാവ്) പണിത് താമസിച്ചു. പുളിപറമ്പ് സെന്റ് തോമസ് മഠം കപ്പേളയിലാണ് അദ്ദേഹം ബലിയർപ്പിച്ചിരുന്നത്.

## പള്ളി, ഇടവക

1976 ഏപ്രിൽ 8-നാണ് സ്വന്തമായി ഒരു ദേവാലയത്തിനുള്ള ശ്രമം പുളിപറമ്പിലെ ക്രൈസ്തവർ ആരംഭിച്ചത്. പൊതുതാല്പര്യം മനസ്സിലാക്കി കാളിയാടൻ വറുതുണ്ണി അപ്രേം ഒരേക്കർ സ്ഥലം പള്ളി പണിയുന്നതിന് ദാനമായി നല്കി. പ്രസ്തുത സ്ഥലത്ത്, ബഹു. പിയൂസച്ചൻ വിശ്വാസികളുടെ സഹകരണത്തോടെ തന്റെ ജീവിതത്തിൽ ഏറെ സ്വാധീനം ചെലുത്തിയ വി. കൊച്ചുത്രേസ്യായുടെ നാമധേയത്തിലുള്ള ദേവാലയത്തിന്റെ പണികൾ പൂർത്തീകരിച്ചു. 2.10.1977-ൽ തൃശ്ശൂർ മെത്രാൻ മാർ ജോസഫ് കുണ്ടുകുളം വെഞ്ചിരിപ്പുകർമ്മം നടത്തി. കുരിശുപള്ളിയായി ആരംഭിച്ച ഈ ദേവാലയം ഒരു ഇടവക ദേവാലയമാക്കുക എന്ന സ്വപ്നം 1981 ജനുവരി 1-ന് സാക്ഷാത്ക്കരിക്കപ്പെട്ടു. ദേവാലയസ്ഥാപകനായ ബഹു. പിയൂസ് തെക്കേക്കരയച്ചനോട് ഈ ഇടവക സമൂഹം ഏറെ കടപ്പെട്ടിരിക്കുന്നു.

1980 ഡിസംബർ 17-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവിന്റെ D.L.2/80-ാം നമ്പർ കല്പന പ്രകാരം നിലവിൽവന്ന പുളിപറമ്പ് ലിറ്റിൽ ഫ്ളവർ ഇടവക - കിഴക്ക്, എരട്ടപ്പടി റോഡിൽ നിന്ന് പഞ്ചായത്തുവഴിയിലൂടെ വടക്കോട്ടുപോയി കിഴക്കോട്ട് തിരിഞ്ഞ് പൂപ്പത്തി കവലയിൽ എത്തി മാള - ഇളന്തിക്കര റോഡ് വഴി കണ്ണാഞ്ചിറയിൽ എത്തുന്നു. വടക്ക്, കണ്ണാഞ്ചിറയിൽ നിന്ന് എടപ്പാടം തോടുവഴി പടിഞ്ഞാറോട്ടു പോയി മാള പള്ളിപ്പുറം റോഡു വഴി, കോട്ടമുറി പാലത്തിൽ എത്തുന്നു. പടിഞ്ഞാറ്, കോട്ടമുറി പാലം മുതൽ നേരെ തെക്കോട്ട് പാടം വഴി എരട്ടപ്പടിയിൽ എത്തുന്നു. തെക്ക്, എരട്ടപ്പടി റോഡിൽ കൂടി കിഴക്കോട്ട് പോയി പഞ്ചായത്ത് റോഡിൽ ചേരുന്നു - ഇവ ചേർന്നതാണ്.

തെക്കൻ താണിശ്ശേരി ഇടവകയിൽ നിന്ന് 35-ഉം, പൊയ്യ ഇടവകയിൽ നിന്നും 50-ഉം, മാളയിൽ

നിന്ന് 20-ഉം, കുടുംബങ്ങൾകൂടി ആകെ 105 കുടുംബങ്ങളാണ് ആരംഭത്തിൽ ഈ ഇടവകയിൽ ഉണ്ടായിരുന്നത്. അന്ന് പൊയ്യ പള്ളി വികാരിയായിരുന്ന റവ. ഫാ. ജോർജ്ജ് മാളിയേക്കൽ ആയിരുന്നു ഈ ഇടവകയുടെ പ്രഥമ വികാരി.

## ദേവാലയ നവീകരണം

ബഹു. ആന്റണി പുതുശ്ശേരിയച്ചനാണ് ദേവാലയം വലുതാക്കാനുള്ള ചർച്ചകൾക്ക് തുടക്കമിട്ടത്. തുടർന്ന് വികാരിയായിരുന്ന, ഈ ഇടവകാംഗം കൂടിയായ റവ. ഫാ. ജോസഫ് വെർജിൽ സി.എം.ഐ., പള്ളിയുടെ ഇരുവശങ്ങളിലായി വീതി കൂട്ടാനുള്ള പണികൾ ആരംഭിച്ചു. റവ. ഫാ. പോൾ എ. അമ്പൂക്കന്റെ നേതൃത്വത്തിൽ പൂർത്തീകരിച്ച നവീന ദേവാലയം, 1992 മേയ് 9-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ തിരുമേനി കൂദാശ ചെയ്ത് വിശ്വാസിസമൂഹത്തിന് ആരാധനയ്ക്കായി തുറന്നുകൊടുത്തു.

## സ്ഥിരതാമസമുള്ള വികാരി

1993 മുതൽ ഈ ഇടവകയ്ക്ക് സ്ഥിരം വികാരിയായി. റവ. ഫാ. ജോസ് മാണിപറമ്പിലാണ് അപ്രകാരം ആദ്യത്തെ വികാരി. ബഹു. പിയൂസച്ചൻ നൽകിയ ബംഗ്ലാവിലാണ് അച്ചന്മാർ താമസിച്ചിരുന്നത്.

## വൈദികമന്ദിരം, മതബോധനഹാൾ

ജീർണ്ണാവസ്ഥയിലായ ബംഗ്ലാവ് പിന്നീട് ബഹു. സീജോ ഇരിമ്പനച്ചൻ വികാരിയായിരുന്ന കാലത്ത് പൊളിച്ചുപണിതു. പണി പൂർത്തിയാക്കിയ വൈദിക മന്ദിരം, ഇടവകയുടെ രജതജൂബിലി ആഘോഷിച്ച 2006 ആഗസ്റ്റ് 15-ാം തിയ്യതി അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചിരിച്ചു. ബംഗ്ലാവിന്റെ താഴെ നിലയിൽ നിർമ്മിച്ച മതബോധനഹാൾ 2008 ഒക്ടോബർ 2-ാം തിയ്യതി അഭിവന്ദ്യപിതാവ് വെഞ്ചിരിച്ചു. അതുവരെ കോൺവെന്റ് സ്കൂളിലാണ് മതബോധന ക്ലാസ്സുകൾ നടത്തിയിരുന്നത്.

## സിമിത്തേരി

പുളിപറമ്പ് ഇടവകയെ സംബന്ധിച്ചിടത്തോളം അത് കുരിശ് പള്ളിയായിരിക്കുമ്പോൾ തന്നെ സിമിത്തേരി ഉണ്ടായിരുന്നു. കാളിയാടൻ അഫ്രേം ഭാര്യ ഏല്യയാണ് 1976-ൽ സിമിത്തേരിക്കായി വഴി അടക്കം ഏകദേശം 24 സെന്റ് സ്ഥലം നല്കിയത്. പ്രസ്തുത സ്ഥലത്ത് സിമിത്തേരി മതിൽ കെട്ടി തിരിച്ച് 24.6.1980-ൽ വെഞ്ചിരിച്ചു.



വൈദിക മന്ദിരം

2000 നവംബർ 29-ാം തിയ്യതി സിമിത്തേരിയിൽ ആദ്യം ഉണ്ടായിരുന്ന കുരിശടി മാറ്റി തത്സ്ഥാനത്ത് ഒരു കപ്പേളയും അതിൽ ഇടവകയിലെ അച്ചന്മാർക്കായി കല്ലറകളും നിർമ്മിച്ചു. 2009-ൽ സിമിത്തേരി വികസിപ്പിച്ച് മതിൽ പുനർനിർമ്മിക്കുകയും ചെയ്തു.

1981-ൽ 105 കുടുംബങ്ങളോടെ ആരംഭിച്ച ഇടവകയിൽ ഇപ്പോൾ 182 കുടുംബങ്ങളുണ്ട്. ബഹു. ബിനോയ് കോഴിപ്പാട്ട് അച്ചനാണ് ഇപ്പോഴത്തെ വികാരി.

## കോൺവെന്റ്, യു.പി. സ്കൂൾ

1956-ൽ സ്ഥാപിതമായ സെന്റ് തോമസ് ക്ലാരിസ്റ്റ് കോൺവെന്റും, യു.പി. സ്കൂളും, 1980-ൽ ആരംഭിച്ച ചെറുപുഷ്പം ബാലികാഭവനവും നല്ലനിലയിൽ പ്രവർത്തിക്കുന്നു. പുളിപറമ്പ് ദേശത്തെ വിശ്വാസികളുടെ ആദ്ധ്യാത്മിക വളർച്ചയുടെ ചരിത്രം ആരംഭിക്കുന്നത് ഈ മഠം കപ്പേളയിൽ നിന്നാണ് എന്ന സത്യം മറക്കാവുന്നതല്ല. ബഹു. സിസ്റ്റേഴ്സിന്റെ വിവിധ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.



സെന്റ് തോമസ് കോൺവെന്റ് യു.പി. സ്കൂൾ



സെന്റ് തോമസ് കോൺവെന്റ് & ചാപ്പൽ